2024
FEBRUARY
13
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇന്ത്യയിൽ ഇസ്ലാമിക ഭരണത്തിനായി ഗൂഢാലോചന: പോപ്പുലർഫ്രണ്ട് ട്രെയിനർ ഭീമന്റവിട ജാഫർ പിടിയിൽ



**കൊച്ചി:** നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ടിന്റെ (പിഎഫ്ഐ) മാസ്റ്റർ ട്രെയിനറായ ഭീകരൻ അറസ്റ്റിൽ. ഒട്ടേറെ കൊലക്കേസുകളിൽ ഉൾപ്പെടെ പ്രതിയായ ജാഫർ ഭീമന്റവിടയാണ് ദേശീയ അന്വേഷണ ഏജൻസിയുടെ (എൻഐഎ) പിടിയിലായത്. ഒളിവിലായിരുന്നു ജാഫറിനെ, കണ്ണൂരിലെ വീട്ടിൽനിന്നാണ് എൻഐഎ സംഘം പിടികൂടിയത്.

പോപ്പുലർ ഫ്രണ്ടിന്റെ ഹിറ്റ് സ്ക്വാഡുകൾക്ക് ആയുധപരിശീലനം നൽകിയിരുന്നത് ജാഫറാണെന്നാണ് എൻഐഎ കണ്ടെത്തൽ. എൻഐഎ സംഘവും കേരള പൊലീസിലെ ഭീകരവിരുദ്ധ സ്ക്വാഡും (എടിഎസ്) സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇയാൾ പിടിയിലായത്. 2047നകം കേരളത്തിൽ ഇസ്!ലാമിക ഭരണം കൊണ്ടുവരുന്നതിനായി വിവിധയിടങ്ങളിലും വിവിധ വ്യക്തികളെ കേന്ദ്രീകരിച്ചും ഭീകരാക്രമണങ്ങൾക്കു പദ്ധതിയിട്ടെന്ന കേസിലാണ് ഇയാളെ എൻഐഎ പിടികൂടിയത്. കേസിൽ അറസ്റ്റിലാകുന്ന 59ാമത്തെ വ്യക്തിയാണ് ഇയാൾ. ആകെ 60 പേർക്കെതിരെയാണ് എൻഐഎ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്.

വിവിധ സമുദായങ്ങളിലെ അംഗങ്ങളെയും നേതാക്കളെയും വധിക്കാൻ കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും പിഎഫ്ഐ ഹിറ്റ് സ്ക്വാഡുകൾ രൂപീകരിച്ചു പരിശീലനം നൽകി എന്നതിനു തെളിവുകൾ ലഭിച്ചതായി എൻഐഎ വൃത്തങ്ങൾ വ്യക്തമാക്കിയിരുന്നു.

# തൃപ്പൂണിത്തുറയിൽ പടക്കപ്പുരയിൽ വൻ സ്ഫോടനം: 2 മരണം

## നിരവധിപ്പേർക്ക് പരിക്ക്



**കൊച്ചി:** തൃപ്പൂണിത്തുറയിൽ പുതിയകാവ് വടക്കുപുറം കരയോഗത്തിന്റെ ഊരക്കാട്ടുള്ള പടക്കപ്പുരയ്ക്കു തീപിടിച്ചുണ്ടായ സ്ഫോടനത്തിൽ രണ്ടു മരണം. പടക്കശാല ജീവനക്കാരനായ തിരുവനന്തപുരം ഉള്ളൂർ സ്വദേശി വിഷ്ണു, ചികിത്സയിൽ ഉണ്ടായിരുന്ന ദിവാകരൻ എന്നിവരാണ് മരിച്ചത്. 15 പേർക്കു പരുക്കേറ്റു. ഗുരുതരമായി പരുക്കേറ്റവരെ കളമശേരി മെഡിക്കൽ കോളജിലും മറ്റുള്ളവരെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലും സ്വകാര്യ ആശുപത്രിയിലുമായി പ്രവേശിപ്പിച്ചു.

സമീപത്തെ 25 വീടുകൾക്കു കേടുപാടുകൾ പറ്റി. രണ്ടു കിലോമീറ്റർ അകലേക്കു വരെ സ്ഫോടനത്തിന്റെ ആഘാതമുണ്ടായെന്നു സമീപവാസികൾ പറയുന്നു. ഒരു വാഹനം കത്തിനശിച്ചു. അപകടത്തെ തുടർന്ന് തൃപ്പൂണിത്തുറ വൈക്കം റോഡിൽ വൻ ഗതാഗതക്കുരുക്കാണ് അനുഭവപ്പെട്ടത്.

ഒട്ടേറെ വ്യാപാരസ്ഥാപനങ്ങളും വീടുകളുമെല്ലാമുള്ള സ്ഥലാണ് ഇത്. വലിയ സ്ഫോടനമാണ് ഉണ്ടായിട്ടുള്ളതെന്ന് സമീപവാസികൾ പറയുന്നു. വീടുകളുടെ ചില്ലുകളും മറ്റു വസ്തുക്കളും തകർന്നെന്ന് വീട്ടുകാർ പറയുന്നു. പുതിയകാവ് ക്ഷേത്രത്തിലെ ഉത്സവത്തിന്റെ ഭാഗമായി പടക്കങ്ങൾ സൂക്ഷിച്ചിരുന്നിടത്താണ് അപകടം. വാഹനത്തിൽ നിന്നു പടക്കങ്ങൾ ഇറക്കുന്നതിനിടെയാണ് അപകടം.

തൃപ്പൂണിത്തുറയിൽ പുതിയകാവ് വടക്കുപുറം കരയോഗത്തിന്റെ ഊരക്കാട്ടുള്ള പടക്കപ്പുരയ്ക്കു തീപിടിച്ചുണ്ടായ സ്ഫോടനത്തിൽ കത്തിനശിച്ച വാഹനം. ചിത്രം.ടോണി ഡൊമിനിക്ന്മ മനോരമ

തൃപ്പൂണിത്തുറയിൽ പുതിയകാവ് വടക്കുപുറം കരയോഗത്തിന്റെ ഊരക്കാട്ടുള്ള പടക്കപ്പുരയ്ക്കു തീപിടിച്ചുണ്ടായ സ്ഫോടനത്തിൽ കത്തിനശിച്ച വാഹനം. ചിത്രം.ടോണി ഡൊമിനിക്ന്മ മനോരമ

ആറു തവണ സ്ഫോടനം ഉണ്ടായതായാണ് വിവരം. ഫയൽഫോഴ്സും പൊലീസും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. ആദ്യം ഗ്യാസ് പൊട്ടിത്തെറിച്ചത് എന്നാണ് എല്ലാവരും കരുതിയത്. പിന്നീടാണ് പടക്കപ്പുരയിൽ ഉണ്ടായ പൊട്ടിത്തെറി എന്നു മനസ്സിലാകുന്നത്. പന്ത്രണ്ട് വീടുകൾ സ്ഫോടനം നടന്നതിന്റെ സമീപത്തുണ്ട്.

# പേയ്ടിഎമ്മിനെതിരായ നടപടി പുനഃപരിശോധിക്കുമെന്ന് ഒരു പ്രതീക്ഷയും വേണ്ട: ശക്തികാന്ത ദാസ്



**ന്യൂഡൽഹി:** ചട്ടലംഘനം ചൂണ്ടിക്കാട്ടി പേയ്ടിഎം പേയ്മെന്റ്സ് ബാങ്കിനെതിരെ സ്വീകരിച്ച നടപടികൾ പുനഃപരിശോധിക്കില്ലെന്നു വ്യക്തമാക്കി റിസർവ് ബാങ്ക് (ആർബിഐ) ഗവർണർ ശക്തികാന്ത ദാസ്. പേയ്ടിഎമ്മിന്റെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയശേഷമാണ് നടപടി സ്വീകരിച്ചതെന്ന് ശക്തികാന്ത ദാസ് വ്യക്തമാക്കി. ആർബിഐയുടെ സെൻട്രൽ ബോർഡ് ഡയറക്ടർമാരുടെ യോഗത്തിനുശേഷം മാധ്യമങ്ങളെ കാണുമ്പോഴാണു ശക്തികാന്ത ദാസ് ഇക്കാര്യം അറിയിച്ചത്. യോഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനും പങ്കെടുത്തിരുന്നു."പേയ്ടിഎം പേയ്മെന്റ്സ് ബാങ്കിനെതിരെ സ്വീകരിച്ച നടപടികൾ ഒരു കാരണവശാലും പുനഃപരിശോധിക്കില്ലെന്ന് വളരെ വ്യക്തമായിത്തന്നെ പറയട്ടെ. ഇക്കാര്യത്തിൽ വീണ്ടുവിചാരം ഉണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അത് ഉണ്ടാകില്ലെന്നും വ്യക്തമായിത്തന്നെ അറിയിക്കുന്നു" ശക്തികാന്ത ദാസ് പറഞ്ഞു.

ഫെബ്രുവരി 29ന് ശേഷം പേയ്ടിഎം ബാങ്കിന്റെ സേവിങ്സ്/കറന്റ് അക്കൗണ്ടുകൾ, വോലറ്റുകൾ, ഫാസ്ടാഗ്, നാഷനൽ കോമൺ മൊബിലിറ്റി കാർഡ് എന്നിവയിൽ പണം നിക്ഷേപിക്കാനാകില്ലെന്ന് ജനുവരി 31നാണ് ആർബിഐ വ്യക്തമാക്കിയത്. അതേസമയം, 29 വരെ അക്കൗണ്ടിലെത്തുന്ന തുക പിന്നീട് എപ്പോൾ വേണമെങ്കിലും പിൻവലിക്കുന്നതിനോ ഓൺലൈൻ ഇടപാടുകൾക്ക് ഉപയോഗിക്കുന്നതിനോ തടസ്സമില്ലെന്നും അറിയിച്ചിരുന്നു. എന്നാൽ, ബാലൻസ് തുക തീർന്നാൽ പിന്നീട് ഈ സേവനം ഉപയോഗിക്കാനാവില്ലെന്നാണ് ഉത്തരവ്.

ചട്ടലംഘനങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു ആർബിഐ നടപടി. 2022 മാർച്ച് മുതൽ പുതിയ ഉപയോക്താക്കളെ എടുക്കുന്നത് നിർത്തിവയ്ക്കാൻ ആർബിഐ മുൻപ് ഉത്തരവിട്ടിരുന്നു.

പേയ്ടിഎം ബാങ്കിൽ പരോക്ഷമായ ഓഹരിയുള്ള ചൈനീസ് കമ്പനികളുമായി ഡേറ്റ പങ്കുവച്ചെന്ന് ആരോപണമുയർന്നിരുന്നു. ബാങ്കിന്റെ ഐടി സംവിധാനത്തിന്റെ സമഗ്രമായ ഓഡിറ്റ് നടത്താൻ ഐടി ഓഡിറ്റ് കമ്പനിയെ നിയമിക്കാനും അന്ന് ആർബിഐ നിർദേശിച്ചു. ഈ പരിശോധനയിലും വീഴ്ചകൾ കണ്ടതിനെത്തുടർന്നാണ് നടപടി.





# ഐസിഎഐ എറണാകുളം ബ്രാഞ്ച് മികച്ച ശാഖ

**കൊച്ചി :** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യയുടെ 2023 ലെ അഖിലേന്ത്യാ തലത്തിൽ ലാർജ് വിഭാഗത്തിൽ ഒന്നാം സമ്മാനം എറണാകുളം ബ്രാഞ്ചിന് ലഭിച്ചു. ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന 74ാം വാർഷിക ചടങ്ങിൽ ചെയർപേഴ്സൺ ദീപ വർഗീസ് ലോക്സഭ സ്പീക്കർ ഓം ബിർളയിൽ നിന്ന് 2023 ലെ അഖിലേന്ത്യാ മികച്ച ബ്രാഞ്ച് അവാർഡ് ഏറ്റുവാങ്ങി. ഐസിഎഐ പ്രസിഡൻറ് അനികേത് സുനിൽ തലത്തി, വൈസ് പ്രസിഡൻറ് രഞ്ജീത് കുമാർ അഗർവാൾ, മുൻ പ്രസിഡൻറ് ദേബാഷിസ് മിത്ര, ബ്രാഞ്ചിലെ എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, എറണാകുളത്ത് നിന്നും മറ്റ് പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റുമാരും വാർഷിക ചടങ്ങിൽ പങ്കെടുത്തു. ഐസിഎഐക്ക് ഇന്ത്യയൊട്ടാകെ 175 ശാഖകളും വിദേശത്ത് 48 ചാപ്റ്ററുകളും ഉണ്ട്. ഐസിഎഐയുടെ എറണാകുളം ബ്രാഞ്ച് കേരളത്തിലെ ഏറ്റവും വലിയ ശാഖയും ദക്ഷിണേന്ത്യയിലെ മൂന്നാമത്തെ വലിയ ശാഖയുമാണ്.

# കൊച്ചി മെട്രോ രണ്ടാം ഘട്ടം: നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കാൻ നടപടി

**കൊച്ചി :** വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും സഹകരണത്തോടെ കൊച്ചി മെട്രോ ഫേസ് 2 വിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കന്നതിനുള്ള നടപടികൾ സ്വീകരി ക്കാൻ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള മെട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട യോഗത്തിലാണ് തീരുമാനം.



മെട്രോ നിർമാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. നിലവിലെ റോഡുകളുടെ വീതികൂട്ടി ഗതാഗതസൗകര്യം കൂടുതൽ മെച്ചപ്പെടുത്തും. ഗതാഗത തടസം ഒഴുവാക്കുന്നതിന് ബസുകൾ, ആംബുലൻസുകൾ, ഓട്ടോറിക്ഷകൾ, ഇരുചക്ര വാഹനങ്ങൾ ഒഴികെയുള്ള വലിയ വാഹനങ്ങൾക്ക് സഞ്ചരിക്കുന്നതിന് മറ്റ് റോഡുകൾ സജ്ജീകരിക്കും.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങൾ സന്ദർശിക്കണമെന്ന് കളക്ടർ യോഗത്തിൽ നിർദ്ദേശിച്ചു.

കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും കാക്കനാട്, ചിറ്റേത്തുകര വഴി ഇൻഫോപാർക്കിലേക്കുള്ള മെട്രോ സർവീസിൽ 11 സ്റ്റേഷനുകളാണ് ഒരുക്കുക. അതിൽ ഏഴ് സ്റ്റേഷനുകളുടെ നിർമ്മാണത്തിന് സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തിയായി.

കളക്ടറുടെ ചേംമ്പറിൽ ചേർന്ന യോഗത്തിൽ കൊച്ചി മെട്രോ അഡീഷണൽ ജനറൽ മാനേജർ ടി. ജി. ഗോകുൽ, പിഡബ്ല്യുഡി റോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ എം തോമസ് , റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി അനന്തകൃഷ്ണൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ , ബസ്, ഓട്ടോറിക്ഷ തൊഴിലാളി സംഘടന പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.

# യൂണിമണിയുടെ പുതുക്കിയ പിറവം ശാഖ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയും വിദേശ നാണ്യ വിനിമയ സ്ഥാപനവുമായ യൂണിമണിയുടെ പുതുക്കിയ ശാഖ പിറവത്ത് പ്രവർത്തനം തുടങ്ങി. പോസ്റ്റ് ഓഫീസ് ജംഗ്ഷനിലെ ഗുഡ് ഹോപ് പ്ലാസയുടെ താഴെ നിലയിൽ പുതിയ ഓഫീസിന്റെ പ്രവർത്തനം യൂണിമണി ഇന്ത്യാ ഡയറക്ടറും സിഇഒയുമായ കൃഷ്ണൻ ആർ ഉദ്ഘാടനം ചെയ്തു. ചീഫ് ഫിനാൻഷ്യൽ ഓഫീസർ മനോജ് വി മാത്യു, ചീഫ് പീപ്പിൾ ഓഫീസർ രതീഷ് ആർ, നാഷണൽ ബിസിനസ് മേധാവികളായ പ്രകാശ് ഭാസ്കർ (വിദേശ നാണ്യ വിനിമയം), ജോൺ ജോർജ്ജ്, ടൈറ്റസ് കെ (സ്വർണ്ണ വായ്പ) , ദക്ഷിണ മേഖലാ മേധാവി അരുൺ കുമാർ ജി, എറണാകുളം റീജ്യണൽ ഹെഡ് നാരായണൻ ടി ആർ, ബ്രാഞ്ച് മാനേജർ സനൂപ് സുരേന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു. പുതിയ ശാഖയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് യൂണിമണി ടീം പിറവം താലൂക്കാസ്പത്രിക്ക് രണ്ടു വീൽ ചെയർ സംഭാവന ചെയ്തു. പുതുക്കിയ പിറവം ശാഖ ഇടപാടുകാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്.

# ഗ്ലൂട്ടൻ ഇല്ലാത്ത ബദാം കേക്ക് പരീക്ഷിക്കാം

**കൊച്ചി:** പഞ്ചസാര ആരോഗ്യ ക്ഷേമത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പൂർണമായും ഗ്ലൂട്ടൻ ഇല്ലാത്ത ബദാം കേക്ക് പരീക്ഷിക്കാൻ കാലിഫോർണിയ ആൽമണ്ട് ബോർഡ്. ഇതിനുള്ള പാചകക്കുറിപ്പും പുറത്തുവിട്ടു. വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേലവിൻ, സിങ്ക് എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങളുടെ പവർഹൗസാണ് ബദാം.



സമ്പന്നമായ പ്രോട്ടീൻ ഘടകങ്ങൾ ഉപയോഗിച്ച് പേശികളുടെ വളർച്ചയെയും പരിപാലനത്തെയു പിന്തുണയ്ക്കുന്ന ബദാം, വിറ്റാമിൻ ബി 2, വിറ്റാമിൻ ഇ, മഗ്നീഷ്യം, ഫോസ്ഫറസ് തുടങ്ങിയ സുപ്രധാന പോഷകങ്ങളും നൽകുകയും ഭക്ഷണത്തിൽ നിന്ന് ഊർജ്ജം പുറത്തുവിടുന്നതിൽ പങ്ക് വഹിക്കുകയും ചെയ്യുന്നു. കൂടാതെ, ഭക്ഷണത്തിൽ ഒരു പിടി ബദാം ഉൾപ്പെടുത്തുന്നത് ഭക്ഷണത്തിനിടയിലെ പൂർണതയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ശരീരഭാരം നിയന്ത്രിക്കാനും സഹായിക്കും. ഇതിനെല്ലാം പുറമേ ബദാമിന് മൊത്തം കൊളസ്ട്രോളും എൽഡിഎൽ കൊളസ്ട്രോളും കുറയ്ക്കാനും, ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും, എരിച്ചിൽ കുറയ്ക്കാനും കഴിവുണ്ട്.

# പുതിയകാവ് സ്ഫോടനം: മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

**കൊച്ചി:** തൃപ്പൂണിത്തുറ പുതിയകാവ് ക്ഷേത്രോത്സവത്തിനായി കൊണ്ടുവന്ന പടക്കങ്ങൾ പൊട്ടിത്തെറിച്ചുണ്ടായ സ്ഫോടനത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.ജില്ലാ കളക്ടറും എറണാകുളം സിറ്റി പോലീസ് കമ്മീഷണറും സ്ഫോടനത്തെക്കുറിച്ച് അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ആവശ്യപ്പെട്ടു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി. നഗര മധ്യത്തിൽ അനധികൃതമായി പടക്കം സംഭരിച്ചെന്നാണ് ആരോപണം.

# ഗോൾഡ് പ്ലസ് ഗ്ലാസ് ഇന്ഡസ്ട്രി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ക്രിസിൽ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ രണ്ടാമത്തെ വലിയ ഫ് ളോട്ട് ഗ്ലാസ് നിർമ്മാതാക്കളായ ഗോൾഡ് പ്ലസ് ഗ്ലാസ് ഇൻഡസ്ട്രി ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് 10 രൂപ മുഖവിലയുള്ള 500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 15,667,977 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പുതിയ ഓഹരികളുടെ ഐപിഒയിലൂടെ സമാഹരിക്കുന്ന തുക വായ്പകളുടെ തിരിച്ചടവിനും/മുൻകൂർ അടവിനും പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുക.ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# നിസ്സാൻ പുതിയ വെബ് പ്ലാറ്റ്ഫോം അവതരിപ്പിച്ചു

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പുതിയ വെബ് പ്ലാറ്റ്ഫോമായ നിസ്സാൻ വൺ അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് കാറുകളെക്കുറിച്ചുള്ള പ്രാഥമിക അന്വേഷണം, ടെസ്റ്റ് ഡ്രൈവ് ബുക്കിംഗ്, കാർ തിരഞ്ഞെടുക്കൽ, കാർ ബുക്കിംഗ് തുടങ്ങി നിരവധി സേവനങ്ങൾ നിസ്സാൻ വണ്ണിൽ ലഭ്യമാണ്. ഒരു ലക്ഷം നിസാൻ മാഗ്നെറ്റ് വിറ്റഴിച്ചതിന്റെ ഭാഗമായാണ് നിസ്സാൻ വൺ അവതരിപ്പിച്ചത്. ഇതോടൊപ്പം നിസാൻ നിലവിലുള്ള ഉപഭോക്താക്കൾക്കായി റഫർ ആൻഡ് ഏൺ പ്രോഗ്രാമും അവതരിപ്പിച്ചു.സുഹൃത്തുക്കളെ റഫർ ചെയ്യുന്നതിലൂടെ ഉപഭോക്താക്കൾക്ക് റിഡീം ചെയ്യാവുന്ന പോയിന്റുകളും വിവിധ സേവനങ്ങളും ആനുകൂല്യങ്ങളും നേടാനും കഴിയും.ഈ നൂതനമായ വെബ് പ്ലാറ്റ്ഫോം കസ്റ്റമർ ഫസ്റ്റ് എന്നതിൽ ഊന്നൽ നൽകി ഉപഭോക്താക്കൾക്കാവശ്യമായ വിവരങ്ങൾ നൽകുന്നുവെന്ന് നിസാൻ മോട്ടോർ ഇന്ത്യ ഡയറക്ടർ മോഹൻ വിൽസൺ പറഞ്ഞു.




# ഇന്ത്യൻ കലയുടെയും സംസ്കാരത്തിന്റെയും സംഗമം 2024

**ബംഗളൂരു:** രാജ്യത്തിന്റെ കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്ന സംഗമത്തിന്റെ ഏഴാം പതിപ്പിന് ആതിഥ്യം വഹിച്ച് ഷിബുലാൽ ഫാമിലി ഫിലാന്ത്രോപിക് ഇനിഷ്യേറ്റീവ്സ് (എസ് എഫ് പി ഐ). ബെംഗളൂരു സെന്റ് ജോൺസ് ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിനു ദ്രുപദ് മാസ്റ്ററോ പണ്ഡിറ്റ് ഉദയ് ഭാവൽക്കറുടെയും കിരിത് സിംഗിന്റെയും സുഖദ് മണിക് മുണ്ടെയുടെയും സാന്നിധ്യം ശോഭ പകർന്നു.ബംഗളൂരുവിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ശാസ്ത്രീയ സംഗീത ആസ്വാദകർ ലൈവ് ദ്രുപദ് ആവിഷ്കാരത്തിന് സാക്ഷ്യം വഹിച്ചു. പണ്ഡിറ്റ് ഉദയ് ഭാവൽക്കറും സംഘവുമായി അവർ ആശയവിനിമയവും നടത്തി.

മുൻനിര ദ്രുപദ് ഗായകനായ പണ്ഡിറ്റ് ഉദയ് അംഗീകാരത്തിലും ജനപ്രീതിയിലും ലോകമെമ്പാടും ശക്തമായ സാന്നിധ്യമാണ്. ദ്രുപദ് പാരമ്പര്യത്തിന്റെ ഉയർന്ന സ്തംഭങ്ങളായ വോക്കൽ ഉസ്താദ് സിയ ഫരീദുദ്ദീൻ ദാഗർ, രുദ്ര വീണ ഉസ്താദ് സിയ മൊഹിയുദ്ദീൻ ദാഗർ എന്നിവരുടെ ശിഷ്യനാണ്. സ്വരത്തിലും രാഗത്തിലും മുഴുകിയാൽ അതിൽ സ്വയം അലിഞ്ഞുചേർന്ന് സംഗീതം മാത്രം അവശേഷിക്കുമെന്ന വിശ്വാസത്തിന്റെ ഉടമയാണ് പണ്ഡിറ്റ് ഉദയ്. ഏറെ പ്രശംസ പിടിച്ചുപറ്റിയ ആകർഷകമായ ശൈലിയിലൂടെയാണ് അദ്ദേഹം എല്ലാ പശ്ചാത്തലത്തിലുള്ള ആസ്വാദകരോട് സംവദിക്കുന്നത്. 1985ൽ ഭോപ്പാലിൽ നടത്തിയ ആദ്യത്തേതുമുതൽ ഇന്ത്യയിലും വിദേശത്തുമായി നിരവധി പ്രശസ്ത ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഉദയ് സംഗീതാവതരണം നടത്തിയിട്ടുണ്ട്.എസ് എഫ് പി ഐ സ്ഥാപകരായ കുമാരി ഷിബുലാലിന്റെയും എസ് ഡി ഷിബുലാലിന്റെയും സംഗീതത്തോടുള്ള അഭിനിവേശത്തിൽ നിന്ന് പിറവിയെടുത്ത സംഗമം, സാംസ്കാരിക പൈതൃക സംബന്ധിയായ അവബോധവും സംരക്ഷണ മനോഭാവവും പരിപോഷിപ്പിക്കുന്നതിനൊപ്പം രാജ്യത്തിന്റെ സാംസ്കാരിക സമൃദ്ധി വിപുലമായ ആസ്വാദകവൃന്ദത്തിലേക്ക് പ്രചരിപ്പിക്കാനും ലക്ഷ്യമിടുന്നതായി.സംഗീതത്തിന് ജനങ്ങളെ ഒരുമിപ്പിക്കാനും അതിരുകൾക്കും വ്യത്യാസങ്ങൾക്കും അതീതമായ ഒരു പൊതുവേദി സൃഷ്ടിക്കാനും കഴിവുണ്ടെന്നു' സംഗമത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് കുമാരി ഷിബുലാൽ പറഞ്ഞു.

താനും ഷിബുവും ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തോട് ചായ്വുള്ളവരാണ്. പൈതൃകത്തോടും സംസ്കാരത്തോടുമുള്ള തങ്ങളുടെ ആരാധനയാണ് രണ്ട് വർഷങ്ങൾക്ക് മുമ്പ് സംഗമത്തിന് വിത്ത് പാകിയത്. ഈ ഉദ്യമത്തിലൂടെ, ഇന്ത്യൻ സംഗീതനൃത്ത രൂപങ്ങളുടെ സമൃദ്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്ന കലാ ആസ്വാദകരിലേക്ക് എത്തിച്ചേരാനാണ് ലക്ഷ്യമിടുന്നതെന്നും അവർ പറഞ്ഞു.കലാ ആരാധകരെ കണ്ടുമുട്ടുന്നത് എപ്പോഴും സംതൃപ്ത അനുഭവമാണെന്ന് പണ്ഡിറ്റ് ഉദയ് ലൈവ് ദ്രുപദ് പ്രകടനത്തെക്കുറിച്ച് പറഞ്ഞു. 'അദ്ധ്യാപകൻ, അവതാരകൻ എന്ന നിലകളിൽ 40 വർഷത്തെ അനുഭവപരിചയം ഉള്ളതിനാൽ, മനോഹരമായ പുരാതന കലാരൂപം പങ്കുവെക്കുന്നത് അളവറ്റ സന്തോഷം നൽകുന്നു. ബെംഗളൂരു എല്ലായ്പ്പോഴും സ്വാഗതമോതുന്ന ഇടമാണ്. തികഞ്ഞ സംതൃപ്തിയും സന്തോഷവും പകരുന്നതായി സംഗമത്തിലെ അവതരണം. ഇതുപോലുള്ള സംരംഭങ്ങൾ കലയും കലാകാരന്മാരും ആരാധകരും തമ്മിലുള്ള വിടവ് നികത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട്:ആസ്തികൾ 25,100 കോടി രൂപ

**കൊച്ചി:** യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 25,100 കോടി രൂപ കടന്നതായി 2024 ജനുവരി 31 ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, എൽടിഐ മൈൻഡ്ട്രീ, ബജാജ് ഫിനാൻസ്, ഇൻഫോസിസ്, കോട്ടക് മഹീന്ദ്ര, അവന്യു സൂപ്പർമാർട്ട്സ്, ഇൻഫോ എഡ്ജ്, ടൈറ്റൻ, കോഫോർജ് തുടങ്ങിയവയിലാണ് പദ്ധതിയുടെ നിക്ഷേപങ്ങളിൽ കൂടുതലും.ഇടത്തരം നഷ്ട സാധ്യതകൾ നേരിടാൻ സാധിക്കുന്ന നിക്ഷേപകർക്ക് അഞ്ചു മുതൽ ഏഴു വരെ വർഷത്തെ നിക്ഷേപ ലക്ഷ്യങ്ങളുമായി മുന്നോട്ടു പോകാൻ അനുയോജ്യമാണ് ഈ പദ്ധതി എന്നാണ് വിലയിരുത്തുന്നത്. തങ്ങളുടെ മുഖ്യ ഓഹരി നിക്ഷേപം വളർത്തിയെടുക്കാനും ദീർഘകാല മൂലധന വളർച്ച കൈവരിക്കാനും ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് ഈ പദ്ധതി.



# ഐഷർ എസ് സി വി സെഗ്മെന്റിലേക്ക്; ഇവി ഫസ്റ്റ് ഐഷർ ട്രക്ക് അവതരിപ്പിച്ചു

**കൊച്ചി:** വിഇ കൊമേഴ്സ്യൽ വെഹിക്കിൽസിന്റെ ഭാഗമായ ഐഷർ ട്രക്കുകളും ബസുകളും ചെറിയ വാണിജ്യ വാഹനങ്ങളുടെ (എസ് സി വി) വിപണിയിലേക്ക് പ്രവേശിച്ചു. കമ്പനിയുടെ ആദ്യ എസ് സി വിയായ ഇവി ഫസ്റ്റ് ഐഷർ ട്രക്ക് ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2024ൽ അവതരിപ്പിച്ചു. 2ടി മുതൽ 3.5ജി വരെ ജിവിഡബ്ല്യു ഉള്ള ഈ ട്രക്ക് ബിസിനസ് അനുകൂല, പ്രകൃതിയ്ക്കിണങ്ങുന്ന വാഹനമാണ്. നഗരങ്ങളിലും നഗരങ്ങൾക്ക് സമീപവും സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ വിപ്ലവാത്മകമായ മാറ്റം കൊണ്ടുവരാൻ രൂപകൽപന ചെയ്തിട്ടുള്ളതാണ് ഈ വാഹനം.

2024 ഏപ്രിലിൽ ഉപഭോക്താക്കൾക്കിടയിലെ പരീക്ഷണയോട്ടം ആരംഭിക്കും. 2025ലെ ആദ്യ പാദത്തിൽ വാഹനം വിപണിയിൽ എത്തും.സർക്കാരിന്റെ ഇന്ത്യയിൽ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ രൂപകൽപന ചെയ്ത്, വികസിപ്പിച്ചതാണ് ഈ വാഹനം. ഭോപാലിലെ അത്യാധുനിക സൗകര്യത്തിലാണ് ഈ ട്രക്ക് നിർമ്മിക്കുന്നത്.ഇന്ത്യ അമൃതകാലത്തിൽ വളരുമ്പോൾ ത്വരിതഗതിയിലുള്ള നഗരവൽക്കരണം, കുതിച്ചുയരുന്ന ഇകൊമേഴ്സ്, വർദ്ധിക്കുന്ന വ്യക്തിഗത ഉപഭോഗം എന്നിവ എസ് സി വി സെഗ്മെന്റിനെ നയിക്കുമെന്ന് വിഇ കോമേഴ്സ്യൽ വെഹിക്കിൾസ് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ വിനോദ് അഗർവാൾ പറഞ്ഞു.

# ഏറ്റവും പ്രായം കുറഞ്ഞ രോഗിയിൽ ഹാർമണി വാൽവ് ഇംപ്ലാന്റേഷൻ നടത്തി ആസ്റ്റർ മെഡ്സിറ്റി

കൊച്ചി: ജന്മനാ ഗുരുതരഹൃദ്രോഗം ബാധിച്ച പതിനാറുകാരന് അതിവസങ്കീർണമായ തുടർ ചികിത്സയിലൂടെ ജീവിതം തിരികെ നൽകി ആസ്റ്റർ മെഡ്സിറ്റി. ടെട്രോളജി ഓഫ് ഫാലറ്റ് എന്ന സങ്കീർണമായ രോഗവുമായിട്ടാണ് കോട്ടയം സ്വദേശികളായ ദമ്പതികൾക്ക് മകൻ ജനിച്ചത്. ശുദ്ധരക്തവും അശുദ്ധരക്തവും കലരുന്ന അവസ്ഥയും ഹൃദയത്തിൽ നിന്ന് ശ്വാസകോശത്തിലേക്ക് രക്തമെത്തിക്കുന്ന ധമനിയിൽ തടസവുമായിരുന്നു പ്രധാന പ്രശ്നങ്ങൾ. ശരീരത്തിൽ ആവശ്യത്തിന് ഓക്സിജൻ ഇല്ലാത്തത് കാരണം കുഞ്ഞ് നീലനിറത്തിൽ കാണപ്പെടുന്ന ബ്ലൂ ബേബി സിൻഡ്രോം ഇതിന്റെ ലക്ഷണമാണ്. കുഞ്ഞ് ജനിച്ചയുടൻ അടിയന്തര ശസ്ത്രക്രിയ വേണ്ട രോഗമാണിത്. 16 വർഷങ്ങൾക്ക് മുൻപ് ഈ കൗമാരക്കാരനും ആ ശസ്ത്രക്രിയക്ക് വിധേയനായിരുന്നു.പക്ഷേ ഈ ശസ്ത്രക്രിയക്ക് വിധേയരായ കുട്ടികളിൽ ശ്വാസകോശത്തിലേക്ക് രക്തമെത്തിക്കുന്ന വാൽവിൽ ഒരു ചോർച്ച അവശേഷിക്കാറുണ്ട്. തുടർച്ചയായ സമ്മർദ്ദം കാരണം അവരുടെ ഹൃദയത്തിലെ വലത്തേ അറയിൽ വീക്കമുണ്ടാകുന്നു. കുഞ്ഞ് വളർന്നപ്പോൾ ഇതൊരു ഗുരുതര പ്രശ്നമായി മാറി. ഈ ഘട്ടത്തിൽ വാൽവ് മാറ്റിവെക്കൽ മാത്രമാണ് പോംവഴി. സാധാരണഗതിയിൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ വഴിയാണ് ഈ രോഗം ചികിത്സിക്കാറുള്ളത്. അതീവ ദുർഘടമായ ശസ്ത്രക്രിയയാണത്. എന്നാൽ ഇവിടെ ശരീരത്തിൽ ഒരു താക്കോൽദ്വാരം മാത്രമിട്ട് അതിലൂടെ ട്രാൻസ്കത്തീറ്റർ കടത്തിവിട്ട് ആവശ്യമായ ഭാഗത്ത് കൃത്യമായി വാൽവ് ഘടിപ്പിക്കുകയാണ് ആസ്റ്റർ മെഡ്സിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ വിജയകരമായി പൂർത്തിയാക്കിയത്. കുട്ടിക്ക് വേണ്ടി ആസ്റ്റർ മെഡ്സിറ്റി അമേരിക്കയിൽ നിന്നാണ് പ്രത്യേക വാൽവ് നിർമിച്ച് ഇന്ത്യയിലെത്തിച്ചത്. ഒരൊറ്റ ദിവസം മാത്രം ആശുപത്രിയിൽ കഴിഞ്ഞ ശേഷം രോഗിക്ക് സാധാരണ ജീവിതത്തിലേക്ക് മടങ്ങാം എന്നതാണ് ഇതിന്റെ പ്രത്യേകത. അമേരിക്കയിൽ നിന്നുള്ള പ്രത്യേക ഡോക്ടർമാരുടെ ഒരു സംഘം തന്നെ ആസ്റ്റർ മെഡ്സിറ്റിയിൽ എത്തിയിരുന്നു. ആസ്റ്റർ മെഡ്സിറ്റി പീഡിയാട്രിക് കാർഡിയോളജി വിഭാഗം ഡയറക്ടറും സീനിയർ കൺസൽട്ടന്റുമായ ഡോ. എഡ്വിൻ ഫ്രാൻസിസാണ് തുടക്കം മുതൽ നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകിയത്. ഹൃദയം തുറന്ന് വാൽവുകൾ മാറ്റിവയ്ക്കുന്ന സങ്കീർണമായ ശസ്ത്രക്രിയകളെ അപേക്ഷിച്ച് കൂടുതൽ സുരക്ഷിതവും എളുപ്പവുമാണ് ഈ രീതിയെന്ന് അദ്ദേഹം പറഞ്ഞു.

# എഐഒടിഎ: പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ഓൾ ഇന്ത്യ ഒക്ക്യുപ്പെഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ 20242028 കാലയളവിലേക്കുള്ള പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു.ഹോണററി സെക്രട്ടറിയായി തുടർച്ചയായി രണ്ടാം തവണയും മലയാളിയായ ഡോ. ജോസഫ് സണ്ണി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടി, രാജ്യത്ത് എവിടെയും തൊഴിൽ ചെയ്യാൻ യോഗ്യരാണെന്ന് തെളിയിക്കുന്നഒക്ക്യുപ്പെഷണൽതെറാപ്പിസ്റ്റുകളുടെ സെൻട്രൽ രജിസ്ട്രി പരിപാലിക്കുന്ന ഇന്ത്യയിലെ ഏക അംഗീകൃത സ്ഥാപനമാണ് എഐഒടിഎ.

കേരള ഒക്ക്യുപ്പെഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ പ്രസിഡന്റെന്ന ചുമതലയ്ക്ക് പുറമെ തൃശ്ശൂരിലെ ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്ററിൽ സീനിയർ ഒക്ക്യുപ്പെഷണൽ തെറാപ്പിസ്റ്റായും ഡോ. ജോസഫ് സണ്ണി സേവനം അനുഷ്ഠിച്ചു വരുന്നു.




# സ്റ്റെല്ലർ സേവിങ്സ് അക്കൗണ്ടുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** വ്യക്തിഗത ബാങ്കിങ് അനുഭവത്തിന് പുതുമ നൽകുന്ന സ്റ്റെല്ലർ സേവിങ്സ് അക്കൗണ്ടുമായി ഫെഡറൽ ബാങ്ക്. കൂടുതൽ ഫീച്ചറുകളും സമാനതകളില്ലാത്ത അനുകൂല്യങ്ങളും ചേർന്ന സ്റ്റെല്ലർ അക്കൗണ്ട് ബാങ്കിങ് രംഗത്ത് വിപ്ലവകരമായ ചുവടാണെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

ഇടപാടുകാരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റാൻ സഹായകമായ രീതിയിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത സേവനങ്ങളാണ് സ്റ്റെല്ലർ സേവിങ്സ് അക്കൗണ്ട് നൽകുന്നത്.ഇടപാടുകാരുടെ മാനസിക, ശാരീരിക ആരോഗ്യ ക്ഷേമത്തിന് മുൻഗണന നൽകി ഒരു വർഷത്തെ വെൽനസ് പ്ലാൻ, അപ്രതീക്ഷിത പ്രതിസന്ധി ഘട്ടങ്ങളിൽ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന ഇൻഷുറൻസ് കവറേജ്, ഓരോ ഘട്ടങ്ങളിലും ലഭിക്കുന്ന സവിശേഷ അനകൂല്യങ്ങളും അവകാശങ്ങളും, ഓരോ ഇടപാടിനും ലഭിക്കുന്ന റിവാർഡ് പോയിന്റുകൾ, യാത്ര, ഇലക്ട്രോണിക്സ്, വസ്ത്രം എന്നീ പർച്ചേസുകളിൽ ഡെബിറ്റ് കാർഡിൻമേൽ റിവാഡ് പോയിന്റുകൾ, പ്രകൃതിസൗഹൃദ ഡെബിറ്റ് കാർഡ് തുടങ്ങിയവയാണ് സ്റ്റെല്ലർ അക്കൗണ്ടിന്റെ സവിശേഷതകൾ.ഇടപാടുകാർക്ക് ഏറ്റവും മകിച്ച ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കാനുള്ള പ്രതിജ്ഞാബദ്ധതയാണ് ഫെഡറൽ ബാങ്കിന്റെ തത്വശാസ്ത്രം.

സാമ്പത്തിക ക്ഷേമ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഇടപാടുകാരെ ശാക്തീകരിക്കുക എന്നത് ഇതിന്റെ ഒരു ഭാഗമാണ്. കൂടുതൽ സമഗ്രമായ സേവനങ്ങൾ നൽകാൻ കഴിയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. തീർച്ചയായും ഇടപാടുകാരുടെ പ്രതീക്ഷകളെ മറികടക്കുകയും അവരുടെ ബാങ്കിങ് അനുഭവങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്ന സേവനമാണ് സ്റ്റെല്ലറെന്ന് ശാലിനി വാര്യർ പറഞ്ഞു. എല്ലാ ഫെഡറൽ ബാങ്ക് ശാഖകളിലും നിലവിലെ ഇടപാടുകാർക്കും പുതിയ ഇടപാടുകാർക്കും സ്റ്റെല്ലർ സേവിങ്സ് അക്കൗണ്ട് സേവനം ലഭിക്കുന്നതാണ്.



# പേപ്പറിലുണ്ട് ബിസിനസിന്റെ അനന്തസാധ്യതകൾ

**കൊച്ചി:** വർഷങ്ങൾ വിദേശത്ത് ഡിസൈനറായി പ്രവർത്തിച്ച ശേഷം നാട്ടിലെത്തി സ്വന്തം സംരംഭം തുടങ്ങിയതാണ് കൊല്ലം പട്ടാഴി സ്വദേശി ഹരീഷ്കുമാർ. 25 പേർക്ക് നേരിട്ടും നിരവധി പേർക്ക് അല്ലാതെയും തൊഴിൽ നൽകുന്ന സ്വപ്നതുല്യ നേട്ടത്തിന് ഉടമയാണിന്ന് അദ്ദേഹം. ഹരീഷ്കുമാറിന്റെ പവർടെക്ക് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ സ്റ്റാൾ മെഷിനറി എക്സ്പോയിൽ ഏറ്റവും ആകർഷകമാകുന്നത് സ്വാഭാവികം.വിദേശത്തു നിന്നെത്തിയപ്പോൾ കൺസ്ട്രക്ഷൻ മെഷിനുകളുടെ നിർമ്മാണത്തിലാണ് ഹരീഷ്കുമാർ ശ്രദ്ധയൂന്നിയത്. അത് മികച്ച രീതിയിൽ മുന്നേറുന്നതിനിടെയാണ് പ്ലാസ്റ്റിക് വർജ്ജനം വൈകാതെയുണ്ടാകുമെന്നതിൽ വ്യക്തതയുണ്ടാകുന്നത്. മൂന്നുവർഷം മുമ്പ് പേപ്പർ പ്രോഡക്റ്റുകൾ ഉണ്ടാക്കുന്ന മെഷീനുകൾ നിർമ്മിക്കുന്നതിലേക്കും ഹരീഷ്കുമാർ സംരംഭം വികസിപ്പിച്ചു. സ്വന്തം നിലയ്ക്ക് യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുകയായിരുന്നു. സർക്കാരിന്റെ സംരംഭക സഹായ പദ്ധതികളാണ് പവർടെക്കിന്റെ വളർച്ചാനേട്ടത്തിനു പിന്നിലെന്നും അദ്ദേഹം വ്യക്തമാക്കി. ബാഗ്, കപ്പ്, ടിഷ്യൂ പേപ്പർ, പ്ളേറ്റ് തുടങ്ങി പേപ്പറിൽ നിർമ്മിക്കാനാകുന്ന ഏത് ഉൽപ്പന്നത്തിനും വേണ്ട മെഷിനറികൾ പവർടെക്കിലുണ്ട്. പേപ്പറിലുണ്ട് ബിസിനസിന്റെ അനന്തസാധ്യതകൾ എന്ന ആശയത്തിലൂന്നി സംരംഭ പ്ലാനിംഗ് മുതൽ അടിസ്ഥാന സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വില്പനാനന്തര സേവനങ്ങളും തുടങ്ങി എല്ലാ പിന്തുണയും പുതു സംരംഭകർക്ക് പവർടെക്ക് നൽകും. ലോൺ ലഭ്യതയ്ക്കും സഹായം നൽകും.വൈദഗ്ധ്യമില്ലാത്തവർക്കും എളുപ്പം ആരംഭിക്കാനും വിജയം വരിക്കാനും കഴിയുന്നതാണ് പേപ്പർ പ്രോഡക്റ്റ് നിർമ്മണമെന്നു ഹരീഷ്കുമാർ പറയുന്നു. 200 ചതുരശ്രയടി സ്ഥല സൗകര്യവും മൂന്നു ജീവനക്കാരും മാത്രം മതിയാകും. 12 ലക്ഷം രൂപവരെയുള്ള യന്ത്രങ്ങൾ ലഭ്യമാണ്. സബ്സിഡിയും ലോണുമായി മുടക്കുമുതലിന്റെ 80ലഭിക്കും. ബാക്കി 20 ശതമാനം മാത്രം പുതു സംരംഭകൻ മുടക്കേണ്ടതുള്ളൂ. സ്വന്തം അനുഭവം ഉദാഹരണമാക്കി പവർടെക്കിന്റെ യന്ത്രങ്ങളുടെ ബിസിനസ് സാധ്യതകൾ ഹരീഷ്കുമാർ വിശദീകരിക്കുമ്പോൾ പ്രചോദനം ഉൾക്കൊള്ളുന്നവർ ഏറെ.ഗവേഷണോപകരണ വികസനത്തിൽ വെന്നിക്കൊടി പാറിച്ച് ഹോൾമാർക്ക് ലിമിറ്റഡ്

വ്യാവസായിക ഗവേഷണോപകരണ വികസനത്തിൽ കളമശേരിയിലെ ഹോൾമാർക്ക് ഒപ്റ്റോമെക്കാട്രോണിക്സ് പബ്ലിക്ക് ലിമിറ്റഡ് കൊയ്ത നേട്ടങ്ങൾ മനസിലാക്കിത്തരുന്നതാണ് മെഷിനറി എക്സ്പോയിലെ സ്റ്റാൾ. ഐ എസ് ആർ ഒയ്ക്കും വിവിധ ഐഐടികൾ ഉൾപ്പെടെ പ്രമുഖ സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യത്തിനനുസരിച്ച് ഗവേഷണ ഉപകരണങ്ങൾ വികസിപ്പിച്ചെടുത്തു കൈമാറുന്ന ഹോൾമാർക്കിൽ ഇന്ന് 350 പേർ ജോലി ചെയ്യുന്നു.

1993ൽ ജോളി സിറിയക്കും ഇസ്ഹാക്കും ചേർന്നാരംഭിച്ച ഹോൾമാർക്ക് കഴിഞ്ഞ വർഷമാണ് പബ്ലിക്ക് ലിമിറ്റഡ് കമ്പനിയായി മാറുന്നത്. തുടക്കത്തിൽ കേവലം 40 രൂപയായിരുന്ന ഓഹരിക്ക് ഇപ്പോൾ വില 160രൂപ. ഇത് തന്നെ കമ്പനിയുടെ വളർച്ചാനിരക്ക് വ്യക്തമാക്കുന്നുണ്ട്.ഗവേഷണം, വിദ്യാഭ്യാസം എന്നിവയിലൂന്നുന്ന കമ്പനിയുടേതായി 4500 യന്ത്രങ്ങൾ നിലവിലുണ്ട്. ഇവയിലുൾപ്പെടാത്ത യന്ത്രങ്ങൾ ആവശ്യം അറിയിച്ചാൽ കമ്പനി റിസർച്ച് ചെയ്തു വികസിപ്പിച്ചു നൽകും. വെബ്സൈറ്റിലൂടെയും ഉത്പന്നങ്ങൾ വാങ്ങാം.ആവശ്യത്തിനനുസൃതം യന്ത്രങ്ങൾ നിർമ്മിച്ചു നൽകും എസ്റ്റേക്ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ രംഗത്ത് വിജയഗാഥയെഴുതി മുന്നേറുന്ന ഏറ്റുമാനൂർ എസ്റ്റേക് എന്ന സ്ഥാപനത്തിന്റെ സ്റ്റേൾ മെഷീനറി എക്സ്പോയിൽ ഏറെ ശ്രദ്ധേയം. ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ച് മെഷീനുകൾ എസ്റ്റേക് ഡിസൈൻ ചെയ്തു നിർമ്മിച്ച് നൽകും. തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനും വേഗത്തിൽ ജോലി നിർവ്വഹണം നടത്താനും എസ്റ്റേക്കിന്റെ യന്ത്രങ്ങൾ സഹായകമാകും.നൂറു കിലോഗ്രാം ഭാരമുള്ള വസ്തു ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു സുരക്ഷിതമായി നീക്കാനാകുന്ന മാറ്റ്സ് പിക്ക് ആൻഡ് ഡ്രോപ്പിനു ഉപയോഗിക്കുന്ന മാരബോട്ട് തുടങ്ങിയ യന്ത്രങ്ങൾ പ്രദർശനത്തിലുണ്ട്. വുഡ് കട്ടിംഗ്, എൻഗ്രേവ് മെഷീനുകൾ തുടങ്ങിയവ ആവശ്യത്തിന് ഉതകുംവിധം എസ്റ്റേക് നിർമ്മിച്ചുനൽകും. മൂന്നു ലക്ഷം മുതൽക്കാണ് വില.നിരവധി ഓർഡറുകളാണ് മൂന്നുവർഷം മുമ്പ് ആരംഭിച്ച സ്ഥാപനത്തിന് ലഭിക്കുന്നത്. ചൈനീസ് കമ്പനിയിൽ ഇന്ത്യൻ മേഖല റെപ്രസെന്റേറ്റിവ് ആയിരുന്ന നിതിൻ അതുവിട്ടാണ് എസ്റ്റേക്കിന് തുടക്കമിട്ടത്. ഇനി റോബോട്ടിക്സിലേക്കും തിരിയാൻ തയ്യാറെടുക്കുകയാണ് സ്ഥാപനം.



# മെഷിനറി എക്സ്പോ 2024 ഇന്ന് സമാപിക്കും

# ഇതുവരെ കാണാനെത്തിയത് കാൽ ലക്ഷത്തിലേറെപേർ

**കൊച്ചി:** സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച മെഷിനറി എക്സ്പോ 2024 ഇന്ന് (ഫെബ്രുവരി 13) സമാപിക്കും. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലെ പ്രഥമ പ്രദർശനമായി അരങ്ങേറിയ മെഷിനറി എക്സ്പോ അവസാന നാളിലേക്കു കടക്കുമ്പോൾ ഇതിനകം കാൽ ലക്ഷത്തിലേറെ പേരാണ് കാണാനെത്തിയത്.ഉദ്ഘാടന ദിനം മുതൽ കഴിഞ്ഞ മൂന്നുദിവസങ്ങളിലായി എക്സ്പോയിൽ വൻ ജനത്തിരക്കാണ് അനുഭവപ്പെട്ടത്. വിവിധ ജില്ലകളിൽ നിന്നുള്ളവർ യന്ത്ര പ്രദർശനവും ലൈവ് ഡെമോയും കാണാനും യന്ത്രനിർമ്മാതാക്കളുമായി സംവദിക്കാനുമായി എത്തി. സ്ത്രീ സാന്നിധ്യം ഏറ്റവും ശ്രദ്ധേയമായി. സ്കൂളുകളും ടെക്നോളജി വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളെ മേളയ്ക്കെത്തിച്ചു.

ആറാമത് എക്സ്പോയിൽ 166 സ്റ്റാളുകളിലായി രാജ്യത്തെ നൂറിലേറെ പ്രമുഖ മെഷീൻ നിർമ്മാണ സ്ഥാപനങ്ങളാണ് പങ്കെടുക്കുന്നത്. അതിനൂതന ട്രെൻഡുകൾ മുഖ്യ ആകർഷണമായി. ഹെവി മെഷീനറികൾക്കായി 5000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ 6 ഡോമുകളായി സജ്ജീകരിച്ച വേദിയിൽ പ്രദർശനം സെക്റ്റർ അടിസ്ഥാനത്തിലാണ്. വൈവിധ്യമാർന്ന ഭക്ഷ്യവിഭവങ്ങളുമായി ഫുഡ് കോർട്ടുകളും ശ്രദ്ധേയം.ഇന്ന് വൈകിട്ട് നാലിന് സമാപനസമ്മേളനം നടക്കും. പ്രദർശനം രാവിലെ പത്തുമുതൽ വൈകിട്ട് ഏഴുവരെ തുടരും. പ്രവേശനം സൗജന്യം.



## തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻ സർവ്വീസ് ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ അവസാന ഘട്ടത്തിൽ

**കൊച്ചി:** മെട്രോയുടെ ആദ്യ ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എസ് എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ റൂട്ടിൽ വിവിധ ഘട്ടങ്ങളിലായി കൊച്ചി മെട്രോയുടെ പരീക്ഷണയോട്ടം നടന്നു വരികയാണ്. തൃപ്പൂണിത്തുറ സ്റ്റേഷനിൽ ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന ഇന്നലെ ആരംഭിച്ചു. സുരക്ഷാ പരിശോധനകൾ ഇന്നും തുടരും. സ്റ്റേഷനിൽ യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്ന സൌകര്യങ്ങൾ, സിസ്റ്റം, സിംഗ്നലിംഗ്, ട്രാക്ക് തുടങ്ങിയവ ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണർ പരിശോധിക്കും. തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് മുൻപ് ലഭിക്കേണ്ട പ്രധാന അനുമതിയാണ് ചീഫ് മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടേത്. വ്യോമയാന മന്ത്രാലയത്തിൽ നിന്നുള്ള റെയിൽലേ സുരക്ഷാ കമ്മീഷണർ ശ്രീ. അനന്ദ്. എം.ചൌധരിയാണ് പരിശോധന നടത്തുക.

1.35 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ആദ്യ ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ സ്റ്റേഷൻ ഒരുങ്ങുന്നത്. ഇതിൽ 40,000 ചതുരശ്ര അടി ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഓപ്പൺ വെബ് ഗിർഡർ സാങ്കേിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്.എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷനുകൾക്കിടയിലെ 60 മീറ്റർ മേഖലയിലാണ്. ആലുവ മുതൽ തൃപ്പൂണിത്തുറ സ്റ്റേഷൻ വരെ 25 സ്റ്റേഷനുകളുമായി 28.125 കിലോമീറ്റർ ദൈർഘ്യമാണ് കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പിന്നിടുക.

# ബ്ലാസ്റ്റേഴ്സിന് പഞ്ചാബ് ഷോക്ക്

**കൊച്ചി:** സീസണിൽ ഇതുവരെ സ്വന്തം തട്ടകത്തിൽ പരാജയമറിയാത്ത കേരള ബ്ലാസ്റ്റേഴ്സിനെ തകർത്ത് പഞ്ചാബ് എഫ് സി. ഒരുഗോളിന് മുന്നിൽ നിന്ന ബ്ലാസ്റ്റേഴ്സിന്റെ വലയിൽ മൂന്ന് ഗോളുകൾ നിറച്ചാണ് പോയിന്റ് പട്ടികയിൽ 11ാം സ്ഥാനത്തുള്ള പഞ്ചാബ് ബ്ലാസ്റ്റേഴ്സിന് കനത്ത പ്രഹരം സമ്മാനിച്ചത്. ഹോം ഗ്രൗണ്ടിൽ ആദ്യത്തെയും സീസണിലെ നാലാമത്തെയും പരാജയമാണ്. കഴിഞ്ഞ മൽസരത്തിൽ ഒഡീഷ എഫ്സിയോടും ടീം തോറ്റിരുന്നു. തോറ്റെങ്കിലും 14 കളിയിൽ നിന്ന് 26 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് മൂന്നാം സ്ഥാനത്ത് തുടർന്നു. ബെംഗളൂരു എഫ്സിയെ തോൽപ്പിച്ച് കൊച്ചിയിലെത്തിയ പഞ്ചാബ് എഫ്സി തുടർച്ചയായ രണ്ടാം ജയത്തോടെ 9ാം സ്ഥാനത്തേക്ക് കയറി. വിൽമർ ജോർഡന്റെ (42, 61) ഇരട്ട ഗോളും ക്യാപ്റ്റൻ ലൂക്ക മജ്സെന്റെ (88) പെനാൽറ്റിയുമാണ് പഞ്ചാബി ടീമിന് ജയം സമ്മാനിച്ചത്. 39ാം മിനിറ്റിൽ മിലോസ് ഡ്രിൻസിച് ബ്ലാസ്റ്റേഴ്സിനായി സ്കോർ ചെയ്തു.



ഒഡിഷ എഫ്.സിക്കെതിരായ ടീമിൽ നിന്ന് നാല് മാറ്റങ്ങളുമായാണ് ഇവാൻ വുകുമനോവിച് പഞ്ചാബിനെതിരെ ആദ്യ ടീമിനെ ഇറക്കിയത്. അഡ്രിയാൻ ലൂണയുടെ പകരക്കാരനായി എത്തിയ ഫെഡർ സെർനിച്ചിനെ തുടക്കത്തിൽ തന്നെ പരീക്ഷിച്ചു. പരിക്ക് ഭേദമായി ഇന്ത്യൻ താരം ജീക്സൺ സിങ് മധ്യനിരയിൽ തിരിച്ചെത്തി. കെ.പി രാഹുലും, പ്രതിരോധത്തിൽ ഹോർമിപാം സിങും തിരികെയെത്തി.. മാർകോ ലെസ്കോവിച് ബെഞ്ചിലിരുന്നതിനാൽ സൂപ്പർ താരം ദിമിത്രിയോസ് ഡയമന്റകോസിനായിരുന്നു ക്യാപ്റ്റന്റെ ചുമതല. തുടക്കം മുതൽ ആക്രമിച്ചു കളിച്ചെങ്കിലും അവസരങ്ങൾ മുതലാക്കാൻ ബ്ലാസ്റ്റേഴ്സിന് കഴിഞ്ഞില്ല. ആദ്യ 30 മിനിറ്റിൽ ഒരു തവണ മാത്രമാണ് ബ്ലാസ്റ്റേഴ്സ് ഗോളിന് അരികെ എത്തിയത്. 39ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ഡ് ഡ്രിൻസിച്ചിലൂടെയാണ് അക്കൗണ്ട് തുറന്നത്.

സകായിയുടെ കോർണർ രവികുമാർ കുത്തിയകറ്റി. പന്ത് കിട്ടിയത് ഡ്രിൻസിച്ചിന്റെ കാലിൽ. പ്രതിരോധക്കാരന്റെ അടി ബാറിൽ തട്ടി വരയ്ക്കപ്പുറത്തു പതിച്ചു, അനിശ്ചിതത്വത്തിനിടെ റഫറി ഗോൾ വിസിൽ മുഴക്കി. ഗോൾ വഴങ്ങിയതോടെപഞ്ചാബുകാർ ഉണർന്നു, ഇടവേളക്ക് പിരിയുന്നതിനു തൊട്ടുമുമ്പ് അതിന് ഫലമുണ്ടായി. രണ്ട് പ്രതിരോധ താരങ്ങളെ മറികടന്ന് മദീഹ് തലാൽ നൽകിയ പന്തിൽ വിൽമർ ജോർദാന്റെ ഷോട്ട്, ഹോർമിപാമിന്റെ കാലിൽ തട്ടിയ പന്ത് കൃത്യം വലയിൽ കയറി. രണ്ടാം പകുതിയുടെ തുടക്കത്തിൽ കൗണ്ടർ അറ്റാക്കിലൂടെ ബ്ലാസ്റ്റേഴ്സ് ലീഡ് പിടിക്കാൻ ഒരു ശ്രമം നടത്തി, രവികുമാറിനെ കീഴ്പ്പെടുത്താൻ അതുമതിയായില്ല. എന്നാൽ 61ാം മിനിറ്റിൽ കൗണ്ടർ അറ്റാക്കിലൂടെ തന്നെ സന്ദർശകർ മുന്നിലെത്തി. മഹ്ദി തലാലിൽ നിന്ന് ഇടത് വിങിൽ ലോങ്ബോൾ സ്വീകരിച്ച ജോർദാൻ ലക്ഷ്യത്തിലേക്ക് നിറയൊഴിച്ചു. സച്ചിൻ സുരേഷ് പന്ത് തടഞ്ഞിട്ടെങ്കിലും തിരികെ വന്ന പന്ത് ഹെഡറിലൂടെ ജോർദാൻ വലയിലാക്കി. സമനില ഗോളിന് ശ്രമിക്കുന്നതിനിടെ 86ാം മിനിറ്റിൽ പഞ്ചാബിന്റെ മൂന്നാം ഗോളും എത്തി. ലൂക്കാ മജ്സെന്റെ ഗോൾശ്രമം തടയുന്നതിനിടെ പന്ത് ഫ്രെഡിയുടെ കയ്യിൽ പതിച്ചു, പഞ്ചാബിന് അനുകൂലമായി പെനാൽറ്റി കിക്ക്. കിക്കെടുത്ത സ്ലൊവേനിയൻ താരത്തിന് പിഴച്ചില്ല. ബ്ലാസ്റ്റേഴ്സിന്റെ അജയ്യമായ കോട്ടയിൽ പഞ്ചാബുകാർ വിജയക്കൊടിപാറിച്ചു

# വൈദ്യുത വാഹന നിർമാതാക്കൾ ഇന്ത്യയിലേക്ക്

**കൊച്ചി:** ലോക ഇലക്ട്രിക് വാഹന വിപണിയുടെ നിർമാണ ഹബായി ഇന്ത്യ അതിവേഗം കുതിച്ചുയരുന്നു. ആഗോള, ആഭ്യന്തര കമ്പനികൾ വൈദ്യുത വാഹന നിർമാണ മേഖലയിൽ വൻ നിക്ഷേപത്തിനാണ് തയാറെടുക്കുന്നത്. അടുത്ത ആറ് വർഷത്തിനുള്ളിൽ ഇന്ത്യയിലെ മൊത്തം വാഹന വിൽപ്പനയുടെ മുപ്പത് ശതമാനം ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന വലിയ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ളത്.

ആഗോള ഇലക്ട്രിക് വാഹന നിർമാതാക്കളായ ടെസ്‌ല, വിൻഫാസ്റ്റ്, ഫോക്സ്കോൺ തുടങ്ങിയവയെല്ലാം ഇന്ത്യയിൽ പുതിയ നിർമാണ പ്ലാന്റുകൾ ആരംഭിക്കാനുള്ള ഒരുക്കത്തിലാണ്. ഇതോടൊപ്പം നിലവിലുള്ള വൻകിട വാഹന നിർമാതാക്കളായ മാരുതി സുസുക്കി, ഹോണ്ട ഇന്ത്യ, ഹ്യുണ്ടായ്, ടൊയോട്ട തുടങ്ങിയവർക്കും വൈദ്യുത വാഹന നിർമാണ മേഖലയിൽ വിപുലമായ പദ്ധതികൾ നടപ്പാക്കാൻ തയാറെടുക്കുകയാണ്.



അമെരിക്കയിലെ പ്രമുഖ ഇ.വി കമ്പനിയായ ടെസ്‌ലയുടെ പുതിയ വൈദ്യുത വാഹന പ്ലാൻറ് രണ്ട് വർഷത്തിനുള്ളിൽ ഗുജറാത്തിൽ പ്രവർത്തനം തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏഷ്യയിലെ മറ്റ് വിപണികളിലേക്ക് കയറ്റി അയക്കുന്ന വാഹനങ്ങൾ ഇവിടെ നിർമ്മിക്കാനാണ് ടെസ്‌ല ആലോചിക്കുന്നത്. വൈബ്രൻറ് ഗുജറാത്ത് നിക്ഷേപ സമ്മേളനത്തിൽ ഇതു സംബന്ധിച്ച പ്രഖ്യാപനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ടെസ്‌ല മുന്നോട്ടുവച്ച നിബന്ധനകൾ സർക്കാർ അംഗീകരിക്കാത്തതിനാൽ തീരുമാനം നീളുകയാണ്.

അമെരിക്കൻ വിപണിയിലെ ടെസ്‌ലയുടെ പ്രധാന എതിരാളിയായ വിൻഫാസ്റ്റ് ഈ വർഷം ഇന്ത്യയിൽ പുതിയ നിർമാണ പ്ലാൻറ് ആരംഭിക്കാനുള്ള ശ്രമത്തിലാണ്. ചെന്നൈയ്ക്കടുത്ത് ഇ. വി നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി വിൻഫാസ്റ്റ് തമിഴ്നാട് സർക്കാരുമായി ചർച്ചകൾ ആരംഭിച്ചു. അൻപത് കോടി ഡോളറിൻറെ നിക്ഷേപമാണ് ആദ്യഘട്ടത്തിൽ പ്രതീക്ഷിക്കുന്നത്.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലോക വൈദ്യുത വാഹന വിപണിയുടെ നിർമാണ ഹബായി ഇന്ത്യ മാറുമെന്ന് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരി വ്യക്തമാക്കി.

ഇന്ത്യയിലെ പ്രമുഖ കോർപ്പറേറ്റ് ഗ്രൂപ്പായ ജെ.എസ്.ഡബ്ള്യു ഗ്രൂപ്പ് ഒഡീഷയിൽ 40,000 കോടി രൂപയുടെ നിക്ഷേപത്തിൽ പുതിയ ഇലക്ട്രിക് വാഹന പ്ലാൻറ് പ്രഖ്യാപിച്ചിട്ടുണ്ട്



# ഫ്രാൻസിനു പിന്നാലെ മൗറീഷ്യസിലും ശ്രീലങ്കയിലും ഇനി മുതൽ യുപിഐ സേവനം

**ന്യൂഡൽഹി:** ശ്രീലങ്കയിലും മൗറീഷ്യസിലും യൂണിഫൈഡ് പേയ്മെൻറ് ഇൻറർഫേസ് (യുപിഐ) സേവനങ്ങൾക്കും മൗറീഷ്യസിൽ റുപേ കാർഡ് സേവനങ്ങൾക്കും ഇന്ന് ഉച്ചയ്ക്ക് ഒന്നിന് തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി, ശ്രീലങ്കൻ പ്രസിഡൻറ് റനിൽ വിക്രമസിംഗെ, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നൗത്ത് എന്നിവർ വെർച്ചലായി ചടങ്ങിനു സാക്ഷ്യം വഹിക്കും.

ശ്രീലങ്കയിലേക്കും മൗറീഷ്യസിലേക്കും യാത്ര ചെയ്യുന്ന ഇന്ത്യൻ പൗരന്മാർക്കും ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്ന മൗറീഷ്യസ് പൗരന്മാർക്കും യുപിഐ സെറ്റിൽമെൻറ് സേവനങ്ങൾ ലഭ്യമാക്കാൻ ഈ പദ്ധതി സഹായിക്കും. മൗറീഷ്യസിലെ റുപേ സംവിധാനത്തെ അടിസ്ഥാനമാക്കി കാർഡുകൾ നൽകാനും ഇന്ത്യയിലും മൗറീഷ്യസിലുമുള്ള സെറ്റിൽമെൻറുകൾക്ക് റുപേ കാർഡ് ഉപയോഗിക്കാനും മൗറീഷ്യസിലെ റുപേ കാർഡ് സേവനങ്ങളുടെ വിപുലീകരണം മൗറീഷ്യസ് ബാങ്കുകളെ പ്രാപ്തമാക്കും.

# ജീതോ ധൻ ധനാ ധൻ ടൈറ്റിൽ സ്പോൺസറായി ടിവിഎസ് യൂറോഗ്രിപ്പ്

**കൊച്ചി/ മുംബൈ,** ഫെബ്രുവരി: ജിയോസിനിമ കഴിഞ്ഞ ഐപിഎൽ സീസണിൽ കാഴ്ചക്കാർക്കായി ആരംഭിച്ച വിജയി പ്രവചന മത്സരമായ ജീതോ ധൻ ധനാ ധൻന്റെ പുതിയ ടൈറ്റിൽ സ്പോൺസറായി വയാകോം 18 ടിവിഎസ് യൂറോഗ്രിപ്പിനെ പ്രഖ്യാപിച്ചു.

2023 ലെ ഐപിഎൽ സമയത്ത് അവതരിപ്പിച്ച ജീതോ ധനാ ധന് ഒരു വൻ വിജയമായിരുന്നു, 50 മില്യൺ പങ്കാളികൾ ആവേശകരമായ സമ്മാനങ്ങളുടെ ഒരു നിര നേടിയപ്പോൾ, 60 ഭാഗ്യശാലികൾ പ്രീമിയം ഹാച്ച്ബാക്ക് കാറുകൾ സ്വന്തമാക്കി. ' ടിവിഎസ് യൂറോഗ്രിപ്പ് ഞങ്ങളോടൊപ്പം പങ്കാളിയാകുന്നത് ഞങ്ങൾക്ക് ആവേശകരമാണെന്ന് വയാകോം 18 വക്താവ് പറഞ്ഞുകഴിഞ്ഞ ഐപിഎല്ലിൽ സൗജന്യ സ്ട്രീമിംഗ് വലിയ തോതിൽ പ്രാപ്തമാക്കി, പ്രേക്ഷകരുമായുള്ള ആശയവിനിമയം അർത്ഥപൂർവ്വം ഗെയിമിഫൈ ചെയ്യുന്നതിനും, ജനങ്ങളും ബ്രാൻഡുകളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും സഹായിച്ചു.. ഇത് ഒരു തുടക്കം മാത്രമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, ടിവിഎസ് യൂറോഗ്രിപ്പ് ജീതോ ധന് ധനാ ധന് വരുന്നതോടെ കൂടുതൽ റെക്കോർഡ് നമ്പറുകൾ ഞങ്ങൾ കാണുമെന്നും വയാകോം 18 വക്താവ് പറഞ്ഞുഇന്ത്യ ഇംഗ്ലണ്ട് തമ്മിലുള്ള അഞ്ച് ടെസ്റ്റ് മത്സരങ്ങളുടെ പരമ്പരയിലെ എല്ലാ മത്സരദിവസവും ആകർഷകമായ സമ്മാനങ്ങൾ നേടാനുള്ള അവസരം ഉപയോക്താക്കൾക്ക് ലഭിക്കും. മത്സരത്തിൽ പങ്കെടുക്കാനായി കാഴ്ചക്കാർ പോർട്രെയിറ്റ് മോഡിൽ ഫോൺ പിടിക്കേണ്ടതുണ്ട്.

സ ് ക്രീ ന ി ന്റെ അടിയിൽ ഒരു ചാറ്റ് ബോക്സ് തുറക്കും, അവിടെ നാല് ഓപ്ഷനുകൾക്കൊപ്പം ഓരോ ഓവറിനും മുമ്പായി ചോദ്യം ദൃശ്യമാകും. മത്സരത്തിൽ ഏറ്റവും ശരിയായ ഉത്തരങ്ങൾ നൽകുന്ന കാഴ്ചക്കാർക്ക് സമ്മാനങ്ങൾ നേടാനും സാധിക്കും.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663